# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലിത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 15

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം അതിതീവ്രമായി ലോകത്തിലാകമാനം വ്യാപിച്ചുകൊണ്ടിരിക്കുന്നതായി നാമേവരും മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ നാം അതീവ ജാഗ്രത പാലിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. കേരളത്തിലും അതിന്റെ തീവ്രത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ സർക്കാർ തലത്തിലും ആരോഗ്യവകുപ്പിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ നാം ഗൗരവത്തോടെ കാണുകയും അതിനനുസരിച്ച് പ്രതികരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ ആരാധനാലയങ്ങളിൽ 2021 ഏപ്രിൽ 25 മുതൽ സർക്കാർ തലത്തിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾ (കോവിഡ് പ്രോട്ടോക്കോൾ) പാലിച്ചു മാത്രമേ ആളുകൾ പങ്കെടുക്കുവാൻ പാടുള്ളു. എന്നാൽ ഇടവകയിലെ എല്ലാ ആളുകൾക്കും പങ്കെടുക്കത്തക്കവിധം ഓൺലൈൻ സംവിധാനം ക്രമീകരിക്കുന്നത് അഭികാമ്യമാണ്. 2021 ഏപ്രിൽ 25 മുതൽ പൂലാത്തീൻ ചാപ്പലിൽ നിന്ന് ഞായറാഴ്ചകളിൽ രാവിലെ 9 മണിക്ക് വിശുദ്ധ കുർബ്ബാന ശുശ്രൂഷയുടെ ഓൺലൈൻ സംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്. സർക്കാർ അതത് സമയങ്ങളിൽ നിശ്ചയിക്കുന്ന കണ്ടെയിൻമെന്റ് സോണുകളിൽ ഉൾപ്പെടുന്ന ആരാധനാലയങ്ങൾ അത്യാവശ്യ സന്ദർഭങ്ങളിൽ (ശവസംസ്ക്കാരം, മുൻനിശ്ചയിച്ച വിവാഹം) മാത്രമേ തുറക്കുവാൻ പാടുള്ളു എന്ന് അറിയിക്കുന്നു.

കോവിഡ് മഹാമാരി വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അംഗങ്ങളെ ഒരു സ്ഥലത്തു വിളിച്ചുകൂട്ടി മീറ്റിംഗ് ക്രമീകരിക്കുന്നത് പ്രായോഗികമായി സാധിക്കാത്ത സാഹചര്യത്തിൽ സഭാ ഭരണഘടന 64–ാം വകുപ്പ് പ്രകാരം 2019–20 വർഷത്തെ ഭദ്രാസന അസംബ്ലിയും ഭദ്രാസന കൗൺസിലും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടത്തുന്നതിന് കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളെ അനുവദിച്ചിരിക്കുന്നു. 2020–23 കാലഘട്ടത്തിലെ ഭദ്രാസന ഔദ്യാഗിക ഭാരവാഹികളുടെയും കൗൺസിൽ അംഗങ്ങളുടെയും തെരഞ്ഞെടുപ്പുകൾ നിലവിലുള്ള ഭദ്രാസന കൗൺസിൽ കൂടി യുക്തമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഇടവകകളിൽ കൈസ്ഥാന സമിതി യോഗങ്ങളും ഇടവക സംഘയോഗങ്ങളും അത്യാവശ്യമായി നടത്തേണ്ട സാഹചര്യം ഉണ്ടായാൽ ആയത് ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തുന്നതിന് മേൽപ്പറഞ്ഞ 64–ാം വകുപ്പ് അനുസരിച്ച് അനുവദിക്കുന്നു.

2021 മേയ് 1 മുതൽ അച്ചന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് കല്പന അയച്ചിരുന്നല്ലോ. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ യാത്ര അസാദ്ധ്യമായി വരുന്നു എങ്കിൽ പ്രസ്തുത വിവരം മെത്രാപ്പോലിത്തായെ അറിയിച്ച് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

പ്രിയരെ, ലോകം മുഴുവൻ പടർന്നു പിടിച്ചു കൊണ്ടിരിക്കുന്ന കോവിഡ് ബാധയുടെ നിയന്ത്രണത്തിനായി അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും മറ്റു അനുബന്ധ പ്രവർത്തകരെയും എല്ലാം നന്ദിയോടെ ഓർത്ത് ദൈവത്തെ സ്തുതിക്കാം.

ഈ മഹാമാരിമൂലം ക്ലേശം അനുഭവിക്കുന്നവരുടെ പൂർണ്ണ സൗഖ്യത്തിനു വേണ്ടിയും രോഗാണുവിന്റെ വ്യാപനം അവസാനിക്കേണ്ടതിനു വേണ്ടിയും വ്യക്തികളായും കുടുംബങ്ങളായും എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഈ മഹാവ്യാധിമൂലം പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബാംഗങ്ങൾക്കു സർവ്വശക്തനായ ദൈവം ആശ്വാസവും സാന്ത്വനവും നൽകട്ടെ എന്നും പ്രാർത്ഥിക്കാം.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ഏപ്രിൽ 22–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN
# DR. THEODOSIUS MAR THOMA

Circular No.15

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

**Dearly Beloved in Christ,**

All of us have realized that the whole world is in the severe throes of the second phase of Covid-19 pandemic. As such the Covid-19 protocol should be observed with the utmost caution by us. Since the active corona cases are mounting I exhort you to abide by and adhere to the guidelines from the Public Health and Government officials.

From April 25, 2021 the arrangements for attending the Church services will be in strict accordance with the Government guidelines. It would be feasible to conduct online worship to ensure the maximum participation of the worshipers during the Sunday services. From 25 April 2021 on every Sunday at 9:AM., there will be Live online streaming of the Holy Communion from the Poolatheen Chapel .The Churches in the containment zones should remain closed and they can function only in the case of utmost urgency like Funerals and Pre arranged weddings.

Since it is practically impossible to convene the meeting of the entire members of the Diocesan Assembly/ Council in one place, special sanction is given by the article 64 of the Church constitution, for the Dioceses outside Kerala to conduct the Diocesan Assembly and Diocesan Council through the online platforms. Necessary arrangements should be made by the present Diocesan Councils to elect the office bearers and council members for the term 2020-2023. As per the article 64 of the Sabha Constitution, in exceptional situations the Parishes are given the permission to conduct the Parish Executive Committee meetings and General Body meetings through online platforms.

A circular regarding the transfer of the Clergy with effect from May 1, 2021 has been issued. If the necessary travel arrangements are not possible during the present pandemic scenario, the Metropolitan should be notified at the earliest and necessary guidelines taken.

Beloved let us remember with gratitude the health professionals and social volunteers who work round the clock to arrest the world wide spread of corona virus. Let us thank God for their valuable services.

As individuals and as families let us pray and intercede to God for an end to the Covid -19 pandemic.

Let us pray that God may grant all bereaved families consolation and divine strength.

May the Grace of the Lord Jesus Christ be with you all.

Dated 22nd April 2021 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**